**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1217** **27-07-2021 - ൽ മറുപടിയ്ക്ക്**

**കെ.എസ്.ആർ.ടി.സി. യിലെ പെൻഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ),<br>ശ്രീ. പി. ടി. തോമസ് | | Shri Antony Raju<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | നിലവിൽ കെ.എസ്.ആർ.ടി.സി. യിൽ നിന്നും പെൻഷൻ വാങ്ങുന്നവരുടെ എണ്ണം എത്രയാണെന്ന് വ്യക്തമാക്കാമോ; | (എ) | 2021 ജൂൺ മാസം പെൻഷൻ വിതരണം ചെയ്ത കണക്കനുസരിച്ച് 41,007 പെൻഷൻകാരാണുള്ളത്. |
| (ബി) | പ്രസ്തുത പെൻഷൻ സഹകരണ സംഘങ്ങൾ വഴി നൽകുന്നതുകൊണ്ട് പലിശ ഇനത്തിൽ വരുന്ന തുക എത്രയാണ്; ഈ തുക കെ.എസ്.ആർ.ടി.സി. ക്ക് സർക്കാർ അനുവദിച്ച് നൽകിയ തുകയിൽ നിന്നാണോ നൽകുന്നത്; അറിയിക്കുമോ; | (ബി) | പെൻഷൻ സഹകരണ ബാങ്കുകളുടെ കൺസോർഷ്യം മുഖേന വിതരണം ചെയ്യുന്ന തിൽ, 10% പലിശ കണക്കാക്കി പലിശ ഇനത്തിൽ, പ്രതിമാസം ശരാശരി 4.50 കോടി രൂപയാണ് ചെലവാകുന്നത്. ഇത്തരത്തിൽ പെൻഷൻ സഹകരണ ബാങ്കുകളുടെ കൺസോർഷ്യം മുഖേന വിതരണം ചെയ്യുന്നതിനായുള്ള തുക പലിശ ഉൾപ്പെടെ പൂർണ്ണമായും സർക്കാർ, കെ.എസ്.ആർ.ടി. സി.യ്ക്ക് വകയിരുത്തിയിരിക്കുന്ന ബഡ്ജറ്റ് വിഹിതത്തിൽ നിന്നുമാണ് അനുവദിക്കുന്നത്. |
| (സി) | ബജറ്റിൽ പെൻഷൻ നൽകുന്നതിന് നീക്കി വെച്ചിരിക്കുന്ന തുക ഇതര വകുപ്പുകളിലേതുപോലെ ഓരോ മാസവും കൃത്യമായി നൽകാത്തതിന്റെ കാരണം വ്യക്തമാക്കാമോ? | (സി) | ബജറ്റിൽ പെൻഷനു മാത്രമായി പ്രത്യേകം തുക വകയിരുത്തിയിട്ടില്ല. നിലവിൽ സഹകരണ ബാങ്കുകളുടെ കൺസോർഷ്യവും, കെ.എസ്.ആർ.ടി.സി.യും, സർക്കാരുമായും കരാറിൽ ഏർപ്പെട്ട് അതിൻ പ്രകാരമാണ് പെൻഷൻ നൽകിവരുന്നത്. ഇത്തരത്തിൽ സഹകരണ സംഘങ്ങൾ മുഖേന വിതരണം ചെയ്ത പെൻഷൻ തുക ആറു മാസത്തിനു ശേഷം, പലിശ സഹിതം കെ.എസ്.ആർ.ടി.സി.ക്ക് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുകയിൽ നിന്ന് സഹകരണ സംഘങ്ങൾക്ക് എല്ലാ മാസവും കൃത്യമായി തിരികെ നൽകുന്നുണ്ട്. 2021 ജൂൺ മാസം വരെയുള്ള പെൻഷൻ തുക സഹകരണ സംഘങ്ങൾ മുഖേന പൂർണ്ണമായും വിതരണം ചെയ്തുകഴിഞ്ഞു. |

സെക്ഷൻ ഓഫീസർ